## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ: **872**

**10.02.2016** ൽ മറുപടിക്ക്

## കാപ്പിത്തോടിന്റെ നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.സുധാകരൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) | |
| എ | കാപ്പിത്തോടിന്റെ നവീകരണത്തിനായി 5 കോടി രൂപ അനുവദിക്കുമെന്ന് മുൻ സർക്കാരിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞി ട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ; | എ | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ, ശ്രീ.ജി.സുധാകരൻ അവർകളുടെ ആസ്തി വികസനഫണ്ട് ഉപയോഗിച്ച് കാപ്പിത്തോട് പൂർണമായും നവീകരിക്കുന്നതിന് 22.05.13ലെ ജി.ഒ.(ആർ.ടി) നം.568/2013/ജവിവ പ്രകാരം 10.60 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം കാപ്പിത്തോടിന്റെ ഇരുകരകളിലുള്ള മുഴുവൻ കയ്യേറ്റവും അളന്ന് തിട്ടപ്പെടുത്തി തരണമെന്ന് ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ തഹസിൽദാരോട് ആവശ്യപ്പെടുകയുണ്ടായി ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ടുവരുന്ന കാപ്പിത്തോടിന്റെ കുറച്ചു ഭാഗം പുനർ നിർണയം നടത്തുകയും കുറ്റികൾ സ്ഥാപിച്ചിട്ടുള്ളതായും, ബാക്കി വരുന്ന കാപ്പിത്തോടിന്റെ അതിർത്തിയായി വരുന്ന ഭാഗങ്ങൾ കാടുപിടിച്ചു വെള്ളക്കെട്ടായി കിടക്കുന്നതിനാൽ അതിർത്തി പുനർ നിർണയിക്കുന്നതിനോ, കുറ്റികൾ സ്ഥാപിക്കുന്നതിനോ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളതെന്ന് തഹസീൽദാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. മേൽപ്പറഞ്ഞ സാഹചര്യത്തിൽ വിശദമായ ഡിപിആർ തയ്യാറാക്കുവാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ കാപ്പിത്തോടിന്റെ അതിർത്തി നിർണ്ണയിച്ചു കിട്ടിയാൽ മാത്രമേ ഡിപിആർ തയ്യാറാക്കാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| ബി | കാപ്പിത്തോടിന്റെ നവീകരണം സംബന്ധിച്ച് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ കാപ്പിത്തോടിന്റെ നവീകരണത്തിനായി 16 കോടി രൂപയുടെ ഭരണാനുമതി നൽകാൻ തീരുമാനിച്ചിരുന്നുവോ; അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ; | ബി | തീരുമാനിച്ചിരുന്നു. ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| സി | കാപ്പിത്തോടിന്റെ നവീകരണത്തിനായി മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏഴുകോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിരുന്നുവോ; വ്യക്തമാക്കാമോ; | സി & ഡി | നൽകിയിരുന്നു.<br>എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയാണ് നവീകരണം നടത്തുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്.<br>2012-13 - 2 കോടി<br>2013-14 - 2 കോടി<br>2014-15 - 2 കോടി<br>2015-16 - 1 കോടി<br>(7 കോടി)<br>ബാക്കി തുക മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും കണ്ടെത്തുവാനാണ് തീരുമാനിച്ചിരുന്നത്. |
| ഡി | ആരുടെയെല്ലാം സഹകരണത്തോടു കൂടിയാണ് മണ്ഡല ആസ്തി വികസന പദ്ധതിയിൽ കാപ്പിത്തോടിന്റെ നവീകരണം നടത്താൻ ലക്ഷ്യമിട്ടിരുന്നത്; | | |
| ഇ | കാപ്പിത്തോടിന്റെ നവീകരണത്തിനായി ജില്ലാ ഭരണകൂടം ഒരു സൊസൈറ്റി രൂപീകരിച്ച് രജിസ്റ്റർ ചെയ്തിരുന്നുവോ; വിശദാംശം ലഭ്യമാക്കുമോ; | ഇ | സൊസൈറ്റി രജിസ്റ്റർ ചെയ്തിരുന്നു. കാപ്പിത്തോടിന്റെ സംരക്ഷണത്തിനായി 1995 ലെ 12-മത് തിരുവാതാംകൂർ -കൊച്ചി സാഹിത്യ, ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് 2013-ൽ ക്രമ നമ്പർ ALP/TC/486/2013 പ്രകാരം, ജില്ലാ ഭരണകൂടം സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. |
| എഫ് | ഈ പദ്ധതി നടപ്പിലാ ക്കുന്നതിന് ജില്ലാ ഭരണകൂടം വേണ്ടത്ര ആത്മാർത്ഥത കാട്ടിയില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | എഫ് | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ